**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **നിരത്തുകൾ**<br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**പാലങ്ങൾ**<br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**ദേശീയ പാത**<br>അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br>അനുബന്ധം 4 ആയി ചേർക്കുന്നു.<br><br>**നിരത്ത് പരിപാലന വിഭാഗം**<br>അനുബന്ധം 5 ആയി ചേർക്കുന്നു.<br><br>**കെ.ആർ.എഫ്.ബി - പി.എം.യു**<br>കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ ആർ എഫ് ബി - പി എം യു മുഖേന നടന്നു വരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br>1) കോങ്ങാട് മണ്ഡലത്തിലെ ഏഴുത്തുംപാറ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. 10.226 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി 25/03/2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09/04/2025, 23/04/2025, 02/07/2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02/07/2025-ൽ നടന്ന റീ-റെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് |

സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above – 2018 DSoR) ക്വോട്ട് ചെയ്തു. ആയത് 19/09/2025-തീയതിയിൽ നടന്ന 62-ാം മത് Tender Approval Committee-ൽ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ ക്വോട്ട് ചെയ്ത തുക കൂടുതൽ ആയതിനാൽ അംഗീകാരത്തിനായി സമർപ്പിച്ചത് പരിശോധനയിലാണ്.

2) കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 11.7 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 16.89 കോടി രൂപയുടെ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തു. കിഫ്ബി നിർദേശമനുസരിച്ച് പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭിക്കുകയും, ആയത് പ്രകാരം അലൈൻമെന്റ് കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വസിഷൻ ഡ്രോയിങ് പാലക്കാട് കിഫ്ബി LA- സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 27/02/2025 തീയതിയിലെ സ.ഉ.(സാധാ) നം. 517/2025/RD ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിൽ ഉൾപ്പെട്ട 38 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള Revenue (B) Order ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്ന് വരുന്നു.

3) കോങ്ങാട് മണ്ഡലത്തിലെ പറളി പാലത്തിന് 06/07/2023 തീയതിയിലെ G.O(Rt)No.917/2023/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് പുതുക്കിയ തത്വത്തിൽ ഭരണാനുമതി ലഭിച്ചു. കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി 04/07/2023-ൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിഗണനയിലാണ്.

4) കോങ്ങാട് മണ്ഡലത്തിലെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന് 01/11/2016 തീയതിയിലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 16/03/2018 തീയതിയിലെ APR-1/310/2018/KIIFB ഉത്തരവ് പ്രകാരം 30.26 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. നിലവിൽ റോഡ് നിർമാണ പ്രവർത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്.

5) കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 01/11/2016 തീയതിയിലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 53.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ റോഡ് നിർമാണ പ്രവർത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസ്തുത റോഡിൽ ചെയിനേജ് 2/200-ൽ ഇറിഗേഷൻ കനാലിന് കുറുകെയുള്ള വീതി കുറഞ്ഞ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിലേക്കായി പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുള്ളതും ആയതിന്റെ എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നതുമാണ്. ആയതിന് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിക്കേണ്ടതുണ്ട്. അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് 70.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്കായി 29/09/2025-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28/01/2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം കനാൽ പാലത്തിന് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

6) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലത്തിന് 10/7/2017 തീയതിയിലെ GO(Rt)No. 942/2017/PWD ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും കിഫ്ബിയിൽ നിന്നും 12/11/2018 തീയതിയിൽ 10.734 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിയെക്കാൾ കൂടുതൽ ആയതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായി 18/08/2023-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ വച്ച് നടന്ന മീറ്റിങ്ങിൽ റെയിൽവേ അടിപ്പാതയും, പാലവും, അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള പഠനം പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിനെക്കൊണ്ട് നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതാണ് ഉത്തമമെന്ന്

| | | | |
|---|---|---|---|
| | | | പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗം അറിയിക്കുകയുണ്ടായി. കിഫ്ബിയിൽ വച്ച് നടന്ന LAC, Review meeting-ൽ Single lane Bridge നിർമ്മണം ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുവാൻ തീരുമാനിച്ചു. ആയതിനുള്ള എസ്റ്റിമേറ്റ് 17/10/2025-ൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28/01/2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം പാലത്തിന് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>**കെ.എസ്.ടി.പി**<br>ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന RKI പ്രവൃത്തിയായ പാലക്കാട് –പെരിന്തൽമണ്ണ റോഡ് (മുണ്ടൂർ-തൂതറോഡ്) കെ.എസ്.റ്റി.പിയുടെ പരിധിയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തിക്ക് G.O.(Rt.) No. 235/2020/P&EA dated 29.05.2020 പ്രകാരം 364.17 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും 27.01.2021 തീയതിയിൽ പ്രവൃത്തി ആരംഭിച്ച് നിലവിൽ ചെയിനേജ് 37+100 ലെ പാലത്തിന്റെ നിർമ്മാണം ഒഴികെയുള്ള 92.84% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലം നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ടി പ്രവൃത്തിക്കായി പുതുക്കിയ ഭരണാനുമതിയായ G.O. (Rt.) No. 133/2025/P&EA dated 28.03.2025 പ്രകാരം 406.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി റോഡ് മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ? | (ബി) | **നിരത്തുകൾ**<br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**പാലങ്ങൾ**<br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**ദേശീയ പാത**<br>അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br>അനുബന്ധം 4 ആയി ചേർക്കുന്നു.<br><br>**നിരത്ത് പരിപാലന വിഭാഗം**<br>അനുബന്ധം 5 ആയി ചേർക്കുന്നു.<br><br>**കെ.ആർ.എഫ്.ബി - പി.എം.യു**<br>കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി |

ധനസഹായത്തോടുകൂടി കെ ആർ എഫ് ബി - പി എം യു മുഖേന നടന്നു വരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

1) കോങ്ങാട് മണ്ഡലത്തിലെ ഏഴുത്തുംപാറ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. 10.226 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി 25/03/2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09/04/2025, 23/04/2025, 02/07/2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02/07/2025-ൽ നടന്ന റീ-റെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above – 2018 DSoR) ക്വോട്ട് ചെയ്തു. ആയത് 19/09/2025-തീയതിയിൽ നടന്ന 62-ാം മത് Tender Approval Committee-ൽ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ ക്വോട്ട് ചെയ്ത തുക കൂടുതൽ ആയതിനാൽ അംഗീകാരത്തിനായി സമർപ്പിച്ചത് പരിശോധനയിലാണ്.

2) കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31/10/2016 തീയതിയിലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 11.7 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 16.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തു. കിഫ്ബി നിർദേശമനുസരിച്ച് പുതുക്കിയ അലൈന്മെന്റിന് അംഗീകാരം ലഭിക്കുകയും, ആയത് പ്രകാരം അലൈൻമെന്റ് കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വസിഷൻ ഡ്രോയിങ് പാലക്കാട് കിഫ്ബി LA- സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 27/02/2025 തീയതിയിലെ സ.ഉ.(സാധാ) നം. 517/2025/RD ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിൽ ഉൾപ്പെട്ട 38 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള Revenue (B) Order ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്ന് വരുന്നു.

3) കോങ്ങാട് മണ്ഡലത്തിലെ പറളി പാലത്തിന് 06/07/2023 തീയതിയിലെ G.O(Rt)No.917/2023/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് പുതുക്കിയ തത്വത്തിൽ ഭരണാനുമതി ലഭിച്ചു. കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി 04/07/2023-ൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിഗണനയിലാണ്.

4) കോങ്ങാട് മണ്ഡലത്തിലെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന് 01/11/2016 തീയതിയിലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 16/03/2018 തീയതിയിലെ APR-1/310/2018/KIIFB ഉത്തരവ് പ്രകാരം 30.26 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. നിലവിൽ റോഡ് നിർമാണ പ്രവർത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്.

5) കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 01/11/2016 തീയതിയിലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 53.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ റോഡ് നിർമാണ പ്രവർത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്.
പ്രസ്തുത റോഡിൽ ചെയിനേജ് 2/200-ൽ ഇറിഗേഷൻ കനാലിന് കുറുകെയുള്ള വീതി കുറഞ്ഞ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിലേക്കായി പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുള്ളതും ആയതിന്റെ എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നതുമാണ്. ആയതിന് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിക്കേണ്ടതുണ്ട്. അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് 70.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്കായി 29/09/2025-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28/01/2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം കനാൽ പാലത്തിന് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

6) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലത്തിന് 10/7/2017 തീയതിയിലെ

GO(Rt)No. 942/2017/PWD ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും കിഫ്ബിയിൽ നിന്നും 12/11/2018 തീയതിയിൽ 10.734 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിയെക്കാൾ കൂടുതൽ ആയതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായി 18/08/2023-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ വച്ച് നടന്ന മീറ്റിങ്ങിൽ റെയിൽവേ അടിപ്പാതയും, പാലവും, അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള പഠനം പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിനെക്കൊണ്ട് നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതാണ് ഉത്തമമെന്ന് പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗം അറിയിക്കുകയുണ്ടായി. കിഫ്ബിയിൽ വച്ച് നടന്ന LAC, Review meeting-ൽ Single lane Bridge നിർമ്മണം ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുവാൻ തീരുമാനിച്ചു. ആയതിനുള്ള എസ്റ്റിമേറ്റ് 17/10/2025-ൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28/01/2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം പാലത്തിന് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കെ.എസ്.ടി.പി**

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന RKI പ്രവൃത്തിയായ പാലക്കാട് –പെരിന്തൽമണ്ണ റോഡ് (മുണ്ടൂർ-തൂതറോഡ്) കെ.എസ്.റ്റി.പിയുടെ പരിധിയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തിക്ക് G.O.(Rt.) No. 235/2020/P&EA dated 29.05.2020 പ്രകാരം 364.17 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും 27.01.2021 തീയതിയിൽ പ്രവൃത്തി ആരംഭിച്ച് നിലവിൽ ചെയിനേജ് 37+100 ലെ പാലത്തിന്റെ നിർമ്മാണം ഒഴികെയുള്ള 92.84% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലം നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ടി പ്രവൃത്തിക്കായി പുതുക്കിയ ഭരണാനുമതിയായ G.O. (Rt.) No. 133/2025/P&EA dated 28.03.2025 പ്രകാരം 406.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി റോഡ്

| | | | |
|---|---|---|---|
| | | | മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു. |

സെക്ഷൻ ഓഫീസർ

# Annexure 1 Roads

| Sl No. | LA 1341 Name of work | Administative Sanction No. | Amount in Lakhs | Present Progress |
|---|---|---|---|---|
| 1 | Premonsoon Works 2021 - 22 for various roads under Kongad LA in Roads section No : 2 Palakkad | AS/59C/21/13159 Dated:24-05-2021 | 5 | Work completed |
| 2 | Premonsoon works 2021 - 22 - for various roads under Kongad LA in roads section no:1Palakkad | AS/59C/21/13175 Dated:24-05-2021 | 4 | Work completed |
| 3 | DEPOSIT-Restoration work - Strengthening the shoulder of Pathiripala - Kongad road km 5/200 to 10/960 and Kongad - Kanjikulam road km 0/000 to 0/100 | G.O(Rt)No.1087/2021/PWD dated 06/12/2021 | 125.13 | Work completed |
| 4 | General UPR Works 2021-22 Mankurussi-Kallur Km 0/000-4/600,Thenur-Mucheri-Kongad road 0/000-8/000 and Mankara vella road km 0/000-4/300-General Civil work | AS/59G/21/1520. Dtd.5/11/2021 | 15 | Work completed |
| 5 | Premonsoon Works 2019-20 in various under Kongad LA in PWD Roads Section No:1 &2 Palakkad | CE/Roads/TF/PKD-1/2019-20 dt: 29.05.2021 | 5 | Work completed |
| 6 | DEPOSIT-KWA WS Project division Palakkad-Jal Jeevan mission-Restoration estimate for providing Kerala water authority pipe line along Thenur-Mucheeri-Kongad road KM 5/000-8/000 | AS/59C/22/24906 Dated: 01-02-2023 | 50 | Work completed |
| 7 | KWA WS Project division Palakkad-Jal Jeevan mission-Restoration estimate for providing Kerala water authority pipe line along Parali - Mundur road @ km 3/575-5/200 | AS/59C/23/30241 Dated: 12-09-2023 | 12.6 | Work completed |
| 8 | Construction of culvert and drain at km 7/650 of Pathiripala - Kongad road-Construction of culvert and drain at km 7/650 of Pathiripala | AS/59C/22/23337 Dated: 27-10-2022 | 25 | Work completed |
| 9 | Deposit-JJM- KWA Restoration work in Ezhakkad - Velikkad Road Km 1/600 to 3/770 | AS/59C/23/26698. Dtd 28.4.2023 | 39.2 | Work completed |
| 10 | GENERAL-Construction of Retaining wall at km 9/550 of Pathiripala - kongad road-Construction of Retaining wall at km 9/550 of Pathiripala - kongad road-General Civil Work | AS/59C/23/33382 Dtd. 18/02/2024 | 25 | Work completed |
| 11 | Reconstruction of collapsed retaining wall and construction of retaining wall and drain (LHS)at km 9/500 RS of Pathiripala - Kongad road | AS/59C/23/33381 dt.18-02-2024 | 25 | Work completed |
| 12 | [ PWD/RB/FL/2183/2023 ] JJM - KWA Restoration work in Ezhakkad - Velikkad road km 0/000 to 1/600 | G.O.(Rt)No.956/2023/PWD Date 12-07-2023 | 69.85 | Work completed |
| 13 | [ PWD/RB/EST/2812/2025_5_1_1 ] GENERAL-RP 2024 -2025-Improvements by providing BM and BC to Muttikulangara Kamba Kinavallur road Km 3/200 to 5/365 and Km 0/000 to 2/550 in Kongad LAC Palakkad district-General Civil Work | G.O.(Rt)No.322/2025/PWD, DateD: 03-03-2025 | 500 | GSB Work on going. Work in progress 20% |

| | | | | |
|---|---|---|---|---|
| 14 | PWD/RB/EST/4199/2025_5_1_1 ] GENERAL-Budget 2025-2026 - Kongad LA-Improvements to Kuzhalmannam Mankara road Km12/800-15/080-(Providing BM&BC)-General Civil Work | G.O.(Rt)No.1059/2025/PWD Dated-16-07-2025 | 200 | Site Handed over on 05.11.2025. Initial levels completed |
| 15 | [ PWD/RB/EST/21803/2023_5_1_1 ] DEPOSIT-Deposit Work- JJM - KWA Restoration work in Kongad - Kanjikkulam road km 0/000 to 5/280 LHS and RHS-Civil work-General Civil Work | G.O.(Rt)No.818/2025/PWD ,Thiruvananthapuram Dated:06-06-2025 | 376.56 | Site Handed over on 19.01.2026 |
| 16 | General flood work - constrction of culvert and retaining wall at Km 0/630 Trikallor- Kanjirapuzha road | As/59C/21/18578 Dtd 31.03.2022 | 12.5 | work completted. |
| 17 | Providng Bm and BC to Viyyakkurussi Vazhempuram road in between Km,0/000 - 3/400 in Kongad constituency. | GO(Rt) No.331/2023 PWD TVM Dtd 20.03.2023 | 300 | Work completed. |
| 18 | Providing drainage facilites at km.3/480 water logged area in Ambazhakode - Kallamkuzhi - Muthukurussi road. | GO(Rt) No.919/2024/PWD TVM Dtd 06.09.2024 | 50 | ongoing (53%) |
| 19 | Reconstruction of collapsed retaining wall in Kanjiram Poonchola road at km.3/795 left side and constuction of retaining wall at Km 3/750 right side | AS/59C/24/40759 Dtd 07.03.2025 | 19.09 | work completed. |
| 20 | Constuction of retaining wall in Kanjirapuzha - Palakkayam - Inchikkunnu road Km.5/025 right side and 5/300 right side. | AS/59C/24/40496 Dtd 13.03.2025 | 10 | Work completed |
| 21 | Providing drainage facilites on Edaikkal - Koottilakkadav road Km. 0/500, 3/100, 4/100 & 4/600 . | AS/59C/22/2344 Dtd 23.10.2022 | 25 | work completed. |
| 22 | General 2022 retaining wall along Earth \sliding portion at Km 5/050 right side of Kanjirapuzha - Palakkayam - Inchikkunnu road. | AS/59C/22/24806 Dtd 21.01.2023 | 10 | work completed. |
| 23 | General -Flood damage work construction of retaining wall at Kanjirappuzha - Palakkayam - Injikkunnu road Km. 7/000 | AS/59C/21/15405 Dtd 10.11.2021 | 10 | Work completed |
| 24 | SLTF - Flood work to construction of retaining wall and drain at Km 5/300 of Kanjirappuzha - Palakkayam - Injikkunnu road. | 4281/2021-22 Dtd 14.072021 | 5 | Work completed |

| | | | | |
|---|---|---|---|---|
| 25 | DEPOSIT - Restoration work to Thuppanad - Meenvallam road in Kongad LAC. Palakkad District in the state of kerala . JJM restoration work between Km 2/000 - 4/800 - Restoration work to Thuppanad Meenvallam road in Kongad LAC, Palakkad District in the State of Kerala. JJM restoration work between Km 2/000 - 4/800 - General Civil work. | G.O.(Rt)No.679/2024/PWD Dtd 08-07-2024 | 78.38 | Work completed |
| 26 | Budget - 2025 -26 Palakkayam - Payapullu - Irumbakachola ring road at Km 0/000- 0/550 in Kongad constituency. | GO(Rt) No. 1675/2025/PWD TVM Dtd 04.11.2025 | 75 | Agreement to be executed |
| 27 | Sabarimala Festival 2025-26 Providing BM & BM to Ambazhakkode - Kallamkuzhi - Muthukurussi road Km 0/000- 6/700 & Thrikallur - Kanjirappuzha road Km 0/000- 0/900 - | GO(Rt) No.1750/2025/PWD /TVM Dtd 06.11.2025 | 700 | TS Estimate under process |

**അനുബന്ധം - 2 പാലങ്ങൾ**

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ഉത്തരവ് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | Budget 2023-24 Olippara Bridge across Thuppanad River connecting Vettam Panayambadam Roads to Vallikkode Road in Karimba Gramapanchayath in Kongad LAC Palakkad District | AS No. സ.ഉ.(സാധാ) Mo. 1293/ 2025/PWD, തീയ്യതി 25-08-2025)<br>765 ലക്ഷം രൂപ | എഗ്രിമെന്റ് സ്റ്റേജിലാണ്. LOA നൽകിയിട്ടുണ്ട് |

## അനുബന്ധം 3 ദേശീയപാത  വിഭാഗം

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഫണ്ട് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | GENERAL-Kozhikode Palakkad NH 966-Construction of side drain between km 116/500 to 119/500-General Civil Work | 25,00,000 | state fund | Agreement executed and Sitehanded over to thecontractor. Work to be started |
| 2 | GENERAL-Kozhikkode Palakkad NH966- Additional Preventive measures to bel implemented for reducing accidents from km 114/500 to 116/000 at Panayampadam-Traffic Safety Work-General Civil Work | 1,35,00,000/ | NHAI Fund | Revised Estimate is being prepared and to be submitted. Drain work completed. 400 mKerb concrete completed. GSB & WMM for widening work in RHS completed and Levels reported. Interlock pavement work in widening portions is progressing. |
| 3 | CRIF 2022-23 Improvements to kalladikode Pulapetta Sreekrishnapuram road in palakkad District in the state of Kerala BM & BC | 18 cr | CRIF Fund | 100% work completed |

## അനുബന്ധം 4 കെട്ടിട വിഭാഗം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കോങ്ങാട് ഫയർ സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം<br>തുക – 253 ലക്ഷം | 1134/2022/HOME/ Dtd.22/04/2022 | M/S ഗാബിടെക്ക് (കാക്കനാട് എറണാകുളം) എന്ന കമ്പനി കരാർ ഏറ്റെടുത്ത് 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ താഴത്തെ നിലയിലെ സോളിഡ് masonary പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 2 | ഗവ.യു.പി സ്കൂൾ കോങ്ങാട്-ചുറ്റമതിൽ നിർമ്മാണം<br>തുക 22,60,000/- | 2161/2023/GEDN/ Dtd.27/03/2023 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | ഗവ.എൽ.പി സ്കൂൾ കമ്പ–ചുറ്റമതിലിന്റെ പുനർ നിർമ്മാണം<br>തുക-35,47,000/- | 2162/2023/GEDN/ Dtd.27/03/2023 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം-തുക-3,99,00,000/- | പി2/13411/2023/ഡി.സി.ഇ.തിരുവനന്തപുരം Dtd..04.08.2023 | തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.08.2023 തീയ്യതിയിലെ പി2/13411/2023/ഡി.സി.ഇ തിരുവനന്തപുരം എന്ന ഉത്തരവ് നമ്പർ പ്രകാരം ‘‘പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം’’ എന്ന പ്രവൃത്തിക്ക് 3,99,00,000/- (മൂന്ന് കോടി തൊണ്ണൂറ്റൊമ്പത് ലക്ഷം ) രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭരണാനുമതി തുക അനുവദിച്ച “4201-01-203-64 PV’’എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പിന് കൈകാര്യം ചെയ്യാൻ പറ്റാത്തതായതിനാൽ മേൽ തുക പൊതുമരാമത്ത് വകുപ്പിന്റെ “8443-00-108-00-00-00-00’’ എന്ന ശീർഷകത്തിലേക്ക് ഡിപ്പോസിറ്റ് ചെയ്യാനായി കോളേജ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും ഭരണാനുമതി തുക മേൽ ശീർഷകത്തിലേക്ക് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടില്ല. ഇതുകാരണം പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| 5 | പത്തിരിപ്പാല സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം-1,00,00,000/- | ഉത്തരവ് (സാധാ) നമ്പർ 454/2024/ ജിഇഡിഎൻ Dtd.17/01/2024 | ശ്രീ.നിസാർ.എ, പഴയവളപ്പിൽ വീട്, തെക്കിൽ ഫെറി, കാസർഗോഡ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ താഴത്തെ നിലയിലെ മേൽക്കൂരയുടെ സ്ലാബ് കോൺക്രീറ്റിനുള്ള പ്രവൃത്തികൾ നടന്നു വരികയാണ്. |

## അനുബന്ധം 5 നിരത്ത് പരിപാലന വിഭാഗം

**എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതുംനടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കോങ്ങാട് നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന റോഡുകൾ |
|---|---|---|
| 1 | 2021-22 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 9 റോഡുകളുടെ (36.15 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | പാലക്കാട് –പൊന്നാനി റോഡ് കി.മീ 8/000-20/000 (12 കി.മീ) |
| 2 | 2021-22 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിങ്ങ് കോൺട്രാക്ട് പ്രവൃത്തി – മണ്ണാർക്കാട് സെക്ഷനു കീഴിലുള്ള 5 റോഡുകളുടെ (23.20കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 ( 2 കി.മീ) |
| | | 2) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 0/000-13/000 (13 കി.മീ) |
| 3 | 2023-24 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 7 റോഡുകളുടെ (32.27 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) പാലക്കാട് –പൊന്നാനി റോഡ് കി.മീ 8/000-20/000 (12 കി.മീ) |
| 4 | 2023-24 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി –മണ്ണാർക്കാട് സെക്ഷന് കീഴിലുള്ള 5 റോഡുകളുടെ (19.8 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 ( 2 കി.മീ) |
| | | 2) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 3/400-13/000 (9.6 കി.മീ) |
| 5 | 2024-25 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 5 റോഡുകളുടെ (26.75 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) പാലക്കാട് – പൊന്നാനി റോഡ് കി.മീ 8/000-22/000 (14 കി.മീ) |
| 6 | 2025-26 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി മണ്ണാർക്കാട് സെക്ഷന് കീഴിലുള്ള 4 റോഡുകളുടെ (20 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 (2 കി.മീ)<br>2) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 0/000-13/000 (13 കി.മീ) |

പ്രസ്തുത പ്രവൃത്തികളുടെ തുകയും പുരോഗതിയും ചുവടെ ചേർക്കുന്നു. ഭരണാനുമതി ലഭിച്ച ശേഷം ആരംഭിക്കാനുള്ള പ്രവൃത്തികൾ ഇല്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കോങ്ങാട് നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന റോഡുകൾ | കോങ്ങാട് നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന ആനുപാതിക തുക | പ്രവർത്തന പുരോഗതി |
|---|---|---|---|---|
| 1 | 2021-22 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 9 റോഡുകളുടെ (36.15 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 2)പാലക്കാട് –പൊന്നാനി റോഡ് കി.മീ 8/000-20/000 (12 കി.മീ) | 69.61 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | 2021-22 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിങ്ങ് കോൺട്രാക്ട് പ്രവൃത്തി – മണ്ണാർക്കാട് സെക്ഷനു കീഴിലുള്ള 5 റോഡുകളുടെ (23.20കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 3) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 ( 2 കി.മീ)<br>4) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 0/000-13/000 (13 കി.മീ) | 71.06 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | 2023-24 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 7 റോഡുകളുടെ (32.27 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 3) പാലക്കാട് –പൊന്നാനി റോഡ് കി.മീ 8/000-20/000 (12 കി.മീ) | 36.63 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | 2023-24 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി –മണ്ണാർക്കാട് സെക്ഷന് കീഴിലുള്ള 5 റോഡുകളുടെ (19.8 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 3) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 ( 2 കി.മീ)<br>4) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 3/400-13/000 (9.6 കി.മീ) | 58.41 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | 2024-25 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി പാലക്കാട്-1 സെക്ഷന് കീഴിലുള്ള 5 റോഡുകളുടെ (26.75 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) പാലക്കാട് – പൊന്നാനി റോഡ് കി.മീ 8/000-22/000 (14 കി.മീ) | 51.81 ലക്ഷം | RC പ്രവൃത്തി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 6 | 2025-26 ക്ലസ്റ്റർ 1 ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി മണ്ണാർക്കാട് സെക്ഷന് കീഴിലുള്ള 4 റോഡുകളുടെ (20 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ | 1) അമ്പാഴക്കോട്-കല്ലൻകുഴി മുതുകുറുശ്ശി റോഡ് കി.മീ 3/700-5/700 (2 കി.മീ)<br>4) വിയ്യകുറുശ്ശി – വാഴമ്പുറം റോഡ് കി.മീ 0/000-13/000 (13 കി.മീ) | 54.53 ലക്ഷം | RCപ്രവൃത്തി പുരോഗമിക്കുന്നു |